## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. HARITHA V KUMAR IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – പാൽന സ്കീം - സ്റ്റാന്റ് എലോൺ ക്രഷുകൾക്ക് 2023-24 വർഷത്തെ കടിശ്ശിക - 8 മാസത്തെ ഗ്രാന്റ് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: കേന്ദ്ര സർക്കാരിൽ നിന്നും 10/11/2025 തീയതിയിലെ CRE-12/18/2018-Creche (e-58573) നമ്പരായി ലഭ്യമായ ഓതറൈസേഷൻ ലെറ്റർ

**<u>ഉത്തരവ് നം: DWCD/6840/2025-WEC7; തീയതി: 18-12-2025</u>**

നാഷണൽ ക്രഷ് സ്കീം പ്രകാരം കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിലും NGOs മുഖേനയും പ്രവർത്തിച്ച് വരുന്ന ക്രഷുകൾക്ക് 60:30:10 (Central share: State share: NGO share) എന്ന അനുപാതത്തിൽ ഗ്രാന്റ് അനുവദിച്ചു വന്നിരുന്നു. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മിഷൻ ശക്തി മാർഗ്ഗനിർദ്ദേശം അനുസരിച്ച് ഈ സ്കീമിന്റെ പേര് പൽന എന്നാക്കുകയും ഗ്രാന്റ് അനുപാതം 60:40 (കേന്ദ്രം: സംസ്ഥാനം) എന്നാക്കി മാറ്റുകയും ചെയ്തിരുന്നു. സ്കീമിന്റെ ഭാഗമായി ഗ്രാന്റ് അനുവദിച്ചുവരുന്ന ക്രഷുകൾ എല്ലാം തന്നെ 2024-25 വർഷത്തോടെ പ്രവർത്തനം നിർത്തുകയോ അങ്കണവാടികളുമായി സംയോജിപ്പിച്ച് അങ്കണവാടി കം ക്രഷ് പദ്ധതി നടപ്പിലാക്കുകയോ ചെയ്യണമെന്നു കേന്ദ്ര സർക്കാർ നിർദേശം ലഭ്യമാകുകയും അങ്കണവാടി കം ക്രഷ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരികയും ചെയ്യുന്നു.

പാൽന സ്കീമിന്റെ ഭാഗമായുള്ള അങ്കണവാടി കം ക്രഷ് പദ്ധതിയുടെ ഫണ്ട് വിനിയോഗം SNA SPARSH സംവിധാനം മുഖേന നടത്തുന്നതിലേയ്ക്കായി RBI യിൽ PALNA (KL251) എന്ന സ്കീമിനായി അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. (Account Name - GOKLSPARSH PALNA , A/c No. 01585701075). പാൽന സ്കീമിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്ന സ്റ്റാന്റ് എലോൺ ക്രഷുകൾക്ക് 2023-24 വർഷത്തെ കടിശ്ശിക ഗ്രാന്റ് അനുവദിക്കുന്നതിനായി 2,86,02,796/- രൂപ അനുവദിച്ചുകൊണ്ടുള്ള ഓതറൈസേഷൻ ലെറ്റർ പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട്. ടി തുക അങ്കണവാടി കം ക്രഷ് സ്കീമിനായി (SLS Code - KL 251) നടപ്പ് സാമ്പത്തിക വർഷം അനുവദിക്കപ്പെട്ടിട്ടുള്ള 2,91,51,360/- രൂപയുടെ Mother Sanction ൽ നിന്നും വിനിയോഗിക്കുന്നതിനാണ് നിർദേശിച്ചിരിക്കുന്നത്.

സംസ്ഥാനത്ത് അങ്കണവാടി കം ക്രഷ് പദ്ധതി നടപ്പിലാക്കി വരുന്നതിനാൽ പദ്ധതിയിലൂടെയുള്ള സേവനം തടസ്സരഹിതമായി നൽകേണ്ടതുള്ളതിനാൽ അങ്കണവാടി കം ക്രഷിനായി നിലവിൽ ലഭ്യമായിട്ടുള്ള ഫണ്ടിൽ നിന്നും സ്റ്റാന്റ് എലോൺ ക്രഷുകൾക്ക് 2023-24 വർഷത്തെ കടിശ്ശിക ഗ്രാന്റ് നൽകുന്നതിനായി ആവശ്യമായ 2,86,02,796/- രൂപ പൂർണ്ണമായും അനുവദിച്ചു നൽകുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ നിലവിലെ ഫണ്ട് ലഭ്യത കണക്കിലെടുത്ത് NGOs, ശിശു ക്ഷേമ സമിതി എന്നിവയ്ക്ക് കീഴിൽ പ്രവർത്തിച്ചിരുന്ന സ്റ്റാന്റ് എലോൺ ക്രഷുകൾക്ക് 2023-24 വർഷത്തെ 8 മാസത്തെ കടിശ്ശിക ഗ്രാന്റ് ചുവടെ വിവരിക്കുന്ന പ്രകാരം പുന ക്രമീകരിച്ച് നൽകുന്നു. ബാക്കിയുള്ള മാസങ്ങളിലെ കടിശ്ശിക ഗ്രാന്റ് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന Mother Sanction ന് വിധേയമായി അനുവദിച്ചു

നൽകുന്നതാണ്.

a) NGO Creches:-

| ക്രമ നം. | ജില്ല | ജില്ല വനിത ശിശു വികസന ഓഫീസർമാർ ശിപാർശ ചെയ്ത ഗ്രാന്റ് തുക | നിലവിൽ അനുവദിക്കുന്ന 8 മാസത്തെ ഗ്രാന്റ് (ആകെ ശിപാർശ ചെയ്ത ഗ്രാന്റ് തുക /12 x 8) |
|---|---|---|---|
| 1. | തിരുവനന്തപുരം | 7815310 | 5210207 |
| 2 | കൊല്ലം | 746940 | 497960 |
| 3 | ആലപ്പുഴ | 1434546 | 956364 |
| 4 | കോട്ടയം | 2748967 | 1832645 |
| 5 | ഇടുക്കി | 669984 | 446656 |
| 6 | എറണാകുളം | 3578074 | 2385383 |
| 7 | തൃശ്ശൂർ | 2986510 | 1991007 |
| 8 | പാലക്കാട് | 1187862 | 791908 |
| 9 | മലപ്പുറം | 681932 | 454621 |
| 10 | കോഴിക്കോട് | 565824 | 377216 |
| 11 | വയനാട് | 642240 | 428160 |
| | ആകെ | 2,30,58,189 | 1,53,72,127 |

b) KSCCW Creches:-

| ക്രമ നം. | ജില്ല | ജില്ല വനിത ശിശു വികസന ഓഫീസർമാർ ശിപാർശ ചെയ്ത ഗ്രാന്റ് തുക | നിലവില് അനുവദിക്കുന്ന 8 മാസത്തെ ഗ്രാന്റ് (ആകെ ശിപാർശ ചെയ്ത ഗ്രാന്റ് തുക /12 x 8) |
|---|---|---|---|
| 1 | തിരുവനന്തപുരം | 5010890 | 3340593 |
| 2 | കൊല്ലം | 1508260 | 1005507 |
| 3 | പത്തനംതിട്ട | 1424488 | 949659 |
| 4 | ആലപ്പുഴ | 949958 | 633305 |
| 5 | കോട്ടയം | 1580321 | 1053547 |
| 6 | ഇടുക്കി | 1193711 | 795807 |
| 7 | എറണാകുളം | 496000 | 330667 |
| 8 | തൃശ്ശൂർ | 1246157 | 830771 |
| 9 | പാലക്കാട് | 4471163 | 2980775 |

| | | | |
|---|---|---|---|
| 10 | മലപ്പുറം | 2003060 | 1335373 |
| 11 | കോഴിക്കോട് | 1194552 | 796368 |
| 12 | വയനാട് | 470400 | 313600 |
| 13 | കണ്ണൂർ | 1733264 | 1155509 |
| 14 | കാസർഗോഡ് | 1330913 | 887275 |
| | ആകെ | 2,46,13,137 | 1,64,08,756 |

മേൽ വിവരിക്കും വിധം NGOs, ശിശു ക്ഷേമ സമിതി ക്രഷുകൾക്കായി 2023-24 വർഷത്തെ 8 മാസത്തെ കുടിശ്ശിക ഗ്രാന്റ് നൽകുന്നതിനായി SNA SPARSH സംവിധാനം മുഖേനെ ചുവടെ വിവരിക്കും വിധം ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു. Component wise allocation സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. ഓരോ കമ്പോണൻറിലും അനുവദിക്കുന്ന തുക അതത് കമ്പോണൻറിൽ നിന്നും തന്നെ വിനിയോഗിക്കേണ്ടതാണ്.

| ക്രമ നം. | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 85,50,800 |
| 2 | കൊല്ലം | 15,03,467 |
| 3 | പത്തനംതിട്ട | 9,49,659 |
| 4 | ആലപ്പുഴ | 15,89,669 |
| 5 | കോട്ടയം | 28,86,192 |
| 6 | ഇടുക്കി | 12,42,464 |
| 7 | എറണാകുളം | 27,16,049 |
| 8 | തൃശ്ശൂര് | 28,21,778 |
| 9 | പാലക്കാട് | 37,72,683 |
| 10 | മലപ്പുറം | 17,89,994 |
| 11 | കോഴിക്കോട് | 11,73,584 |
| 12 | വയനാട് | 7,41,760 |
| 13 | കണ്ണൂര് | 11,55,509 |
| 14 | കാസര്ഗോഡ് | 8,87,275 |
| | ആകെ | 3,17,80,883 |

NGO ക്രഷുകൾക്കായുള്ള ഗ്രാന്റ് ജില്ല വനിത ശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട CDPO മാർക്ക് കൈമാറേണ്ടതും ചുവടെ പരാമർശിക്കുന്ന നിബന്ധനകൾക്ക് വിധേയമായി CDPO മാർ NGO കൾക്ക് തുക അനുവദിച്ചു നൽകേണ്ടതുമാണ്.

1. ക്രഷുകൾ നടത്തുന്ന NGOകൾ NGO-DARPAN പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത പോർട്ടലിൽ നിന്നും ലഭിച്ച Unique ID, ഭാരവാഹികളുടെ - Aadhar No., PAN No., Mobile No., E-mail

id., എന്നിവ - ICDS ഓഫീസിൽ ലഭ്യമായിട്ടുണ്ടെന്ന് ഗ്രാന്റ് വിതരണത്തിന് മുമ്പ് CDPO മാർ ഉറപ്പാക്കേണ്ടതും ഇത് സംബന്ധിച്ച സാക്ഷ്യപത്രം CDPO മാർ ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതുമാണ്.

2. ടി തുക ക്രഷിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലൂടെ മാത്രം കൈമാറേണ്ടതും പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച NGO യുടെ സാക്ഷ്യപത്രത്തോടൊപ്പം CDPO മാരുടെ ധന വിനിയോഗ സാക്ഷ്യപത്രം, ക്രഷ് വൈസ് സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടെ ബന്ധപ്പെട്ട ജില്ല വനിത ശിശുവികസന ഓഫീസർമാർക്കു CDPO മാർ നല്കേണ്ടതും CDPO മാർ നൽകുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച ക്രഷ് വൈസ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, ധന വിനിയോഗ സാക്ഷ്യപത്രം 'എന്നിവ മാത്രം ജില്ല വനിത ശിശുവികസന ഓഫീസർമാർ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ബാക്കി രേഖകൾ ജില്ല വനിത ശിശുവികസന ഓഫീസിൽ തന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റ് പരിശോധനകൾക്ക് ഹാജരാക്കേണ്ടതുമാണ്.

ശിശുക്ഷേമ സമിതിയുടെ കീഴിലുള്ള ക്രഷുകൾക്കുള്ള ഗ്രാന്റ് ശിശു ക്ഷേമ സമിതിയുടെ ജില്ല സെക്രട്ടറിമാരുടെ അക്കൗണ്ടിലേയ്ക്ക് കൈമാറി നൽകേണ്ടതും ജനറൽ സെക്രട്ടറിമാർ ബന്ധപ്പെട്ട ക്രഷുകൾക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കേണ്ടതുമാണ്. ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ജില്ല ശിശുക്ഷേമ സമിതി സെക്രട്ടറിമാരിൽ നിന്നും സ്വീകരിച്ച് ജില്ല തലത്തിൽ ക്രോഡീകരിച്ച എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് സഹിതം ജില്ല വനിത ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതിലേയ്ക്കായി 60% കേന്ദ്ര വിഹിതമായ 1,90,68,530 രൂപയും 40% സംസ്ഥാന വിഹിതമായ 1,27,12,353 രൂപയും ചേർത്ത് ആകെ 3,17,80,883/- (മൂന്ന് കോടി പതിനേഴ് ലക്ഷത്തി എൺപതിനായിരത്തി എണ്ണൂറ്റി എൺപത്തിമൂന്നു രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-20-02 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

1. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
2. ജനറൽ സെക്രട്ടറി, KSCCW

പകർപ്പ് :

1. സൂപ്രണ്ട് - A സെക്ഷൻ
2. സൂപ്രണ്ട് - പ്ലാനിംഗ് സെൽ
3. ശിശു ക്ഷേമ സമിതി ജില്ല സെക്രട്ടറിമാർക്ക് (DWCDO മുഖേനെ)
4. ബന്ധപ്പെട്ട NGO കൾക്ക് (DWCDO മുഖേനെ)
5. CDPO കൾക്ക് (DWCDO മുഖേനെ)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Annexure

## PALNA – Stand Alone Creche – Pending arrears - 8 months of 2023-24

## Fund Release – Component wise allocation

| Component & Scheme Code | Allocation of Amount |
|---|---|
| (19) Honorarium to Worker (Stand Alone Creche) [KL] | 12987935 |
| (20) Honorarium to Helper (Stand Alone Creche) [KL] | 6417428 |
| (21) Honorarium to Doctor (Stand Alone Creche) [KL] | 105667 |
| (22) SNP (Stand Alone Creche) [KL] | 9792980 |
| (23) Medicine Kit (Stand Alone Creche) [KL] | 234886 |
| (24) PSE Kit (Stand Alone Creche) [KL] | 243533 |
| (25) Rent (Stand Alone Creche) [KL] | 1544617 |
| (26) Monitoring by AWC Supervisors (Stand Alone Creche) [KL] | 131200 |
| (27) Establishment cost (Stand Alone Creche) [KL] | 322637 |
| **Total** | **3,17,80,883** |